## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.50 — 10.06.2013 ൽ മറുപടിയ്ക്ക്

### മണ്ണ്, മണൽ, പാറ എന്നിവയുടെ ഖനനം മൂലം ഉണ്ടാകുന്ന പരിസ്ഥിതി ആഘാത പഠനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മാത്യു.റ്റി.തോമസ്<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ.സി.കെ.നാണു<br>ശ്രീമതി.ജമീലാ പ്രകാശം | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് മണ്ണും മണലും പാറയും ഖനനം ചെയ്യുന്നതിന് പരിസ്ഥിതി ആഘാത പഠനം നടത്തണമെന്ന സുപ്രീം കോടതിയുടെയും കേന്ദ്ര സർക്കരിന്റെയും നിർദ്ദേശത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സംസ്ഥാനം നേരിടുന്ന കടുത്ത വരൾച്ചയും കുടിവെള്ളക്ഷാമവും കണക്കിലെടുത്ത് ഈ നിർദ്ദേശത്തിന്മേൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ? | (ബി) ബഹു. സുപ്രീം കോടതിയുടെ 27/02/2012 ലെ ഉത്തരവിലെ നിർദ്ദേശങ്ങൾ അനുസരിച്ച് ,കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റേയും കേന്ദ്ര ഖനി മന്ത്രാലയത്തിന്റേയും മാർഗ്ഗരേഖകൾക്കനുസൃതമായി KMMCR-1967-ൽ (KMMCR-Kerala Minor Mineral Concession Rules) സമഗ്ര ഭേദഗതികൾ വരുത്തുന്നത് സംബന്ധിച്ച്, ശുപാർശകൾ രൂപീകരിക്കുവാൻ, ചീഫ് സെക്രട്ടറി അധ്യക്ഷനായി ഒരു ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. KMMCR-1967 ന്റെ സമഗ്ര പരിഷ്ക്കരണത്തിനുള്ള കരട് ഭേദഗതി നിർദ്ദേശങ്ങൾ, പ്രസ്തുത ഉന്നതതല സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. ഉന്നതതല സമിതി യുടെ ശുപാർശകൾക്ക് അനുസൃത മായി, ബഹു. സുപ്രീം കോടതിയുടെയും കേന്ദ്ര സർക്കാരിന്റേയും നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട്, സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കൂടി കണക്കിലെടുത്ത് നിയമനിർമ്മാണം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ